## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1596 — 21.3.2012-ൽ മറുപടിയ്ക്ക്

### നെൽകർഷകർക്ക് നൽകിയിരിക്കുന്ന പ്രതിമാസകർഷകപെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ: | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 60 വയസ്സ് കഴിഞ്ഞ നെൽകർഷകർക്ക് നൽകിയിരുന്ന 300 രൂപയുടെ പ്രതി മാസകർഷകപെൻഷൻ കഴിഞ്ഞ 6 മാസമായി മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കുവാൻ അടിയന്തിരനടപടികൾ സ്വീകരിക്കുമോ; | (ബി) നെൽകർഷകർക്കുള്ള പെൻഷൻ സെപ്റ്റംബർ 2011 വരെ നൽകിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിൽ പെൻഷൻ നൽകുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര നെൽകർഷകർക്കാണ് പെൻഷൻ അനുവദിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്ത് ആകെ 18713 നെൽകർഷകർക്കാണ് പെൻഷൻ അനുവദിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | - 327 |
| കൊല്ലം | -215 |
| പത്തനംതിട്ട | -274 |
| ആലപ്പുഴ | -1550 |
| കോട്ടയം | -691 |
| ഇടുക്കി | -193 |
| എറണാകുളം | -814 |

| | |
|---|---|
| തൃശ്ശൂർ | -1349 |
| മലപ്പുറം | -997 |
| പാലക്കാട് | -4311 |
| കോഴിക്കോട് | 551 |
| വയനാട് | -501 |
| കണ്ണൂർ | -1491 |
| കാസർഗോഡ് | -547 |
| ആകെ | -13713 |

(ഡി) ഇത്തരം നെൽകർഷകരുടെ പെൻഷൻ വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) സ.ഉ.(എം.എസ്) 26/12/കൃഷി തീയതി 13.2.2012 പ്രകാരം നെൽകർഷകർ ഉൾപ്പെടെയുള്ള ചെറുകിടനാമമാത്ര കർഷകർക്കുള്ള പെൻഷൻ 400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഇ) ഇത്തരത്തിൽ പെൻഷൻ ലഭിക്കുവാൻ പുതിയ അപേക്ഷ സ്വീകരിക്കുന്ന നടപടി നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
സ.ഉ.(എം.എസ്)26/12/കൃഷി തീയതി 13.2.2012 പ്രകാരം പുതിയതായി ചെറുകിടനാമമാത്ര കർഷക പെൻഷനുള്ള അപേക്ഷകൾ സ്വീകരിച്ചു വരുന്നു.

(എഫ്) പെൻഷന് അർഹതയുള്ള നെൽകർഷകരുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായ വിതരണം കഴിഞ്ഞ 8 മാസമായി ലഭിക്കുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എഫ്) ഇത് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ